**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4847** **11-08-2021 - ൽ മറുപടിയ്ക്ക്**

**വർദ്ധിച്ചുവരുന്ന സൈബർ ആക്രമണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സൈബർ ആക്രമണങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ അത് നേരിടുന്നതിന് പോലീസിനെ പ്രാപ്തമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. ഓൺലൈൻ തട്ടിപ്പുകൾ അടക്കമുള്ള സൈബർ ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു. സൈബർ സുരക്ഷയ്ക്കും, സൈബർ കുറ്റകൃത്യങ്ങൾ നേരിടുന്നതിനുമായി തിരുവനന്തപുരം ആസ്ഥാനമായ സൈബർ ഡോമിനു കീഴിൽ കൊച്ചിയിലും, കോഴിക്കോടും ഓരോ സൈബർ ഡോം യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. നിർമ്മിതബുദ്ധി സാങ്കേതികവിദ്യ കുറ്റാന്വേഷണത്തിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. സൈബർ കേസുകളുടെ കുറ്റാന്വേഷണത്തിന് പ്രത്യേക പരിശീലനം നേടിയ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. സൈബർ കുറ്റാന്വേഷണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി സൈബർ പോലീസ് സ്റ്റേഷനുകൾ, സൈബർ ഡോമുകൾ, ഹൈ-ടെക് സൈബർ ക്രൈം എൻക്വയറി സെൽ എന്നിവ കൂട്ടിച്ചേർത്ത് ഒരു സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ (CCI) ആരംഭിക്കുന്നതിനും, സൈബർ സംബന്ധമായ ടെക്നിക്കൽ സപ്പോർട്ട് നൽകുന്നതിന് സേനയുടേതായ സൈബർ ഓപ്പറേഷൻസ് & സെക്യൂരിറ്റി ഡിവിഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. ഡാർക്ക്നെറ്റ് പോലുള്ള സംവിധാനങ്ങൾ വഴി നിയമ വിരുദ്ധ പ്രവർത്തനം നടത്തുന്നത് തടയുന്നതിന് സൈബർ ഡോമിന്റെ റിസേർച്ച് & അനാലിസിസ് വിഭാഗം ബേസിക് ടൂൾ വികസിപ്പിച്ചിട്ടുണ്ട്. |
| (ബി) | പോലീസിന് മാത്രമായി ഒരു ഐ.റ്റി. കേഡർ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | ഇല്ല. |

സെക്ഷൻ ഓഫീസർ